**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** **23-08-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ ഗ്രേഡ് പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രമോഷൻ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 15 വർഷം സേവനം പൂർത്തിയാക്കുന്ന യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) സ്ഥാനക്കയറ്റവും 22 വർഷം പൂർത്തീകരിച്ച യോഗ്യരായ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സ്ഥാനക്കയറ്റവും നൽകി വരുന്നുണ്ട്. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സ്ഥാനക്കയറ്റം അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കാലയളവ് മാറ്റാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | നിലവിൽ ഇല്ല |
| (സി) | എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | അനുവദിച്ചിട്ടില്ല. |
| (ഡി) | എത്രവർഷം സേവനം ഉള്ള ഉദ്യോഗസ്ഥർക്കാണ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യരായവർക്ക് മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിവരുന്നു. |
| (ഇ) | 20 വർഷത്തിന് താഴെ സേവനം ഉള്ള ഉദ്യോഗസ്ഥർ എൻട്രി തസ്തികയിൽ തന്നെ വിരമിക്കുന്ന സ്ഥിതി വിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ കാലയളവ് കുറയ്ക്കുന്ന പക്ഷം കൂടുതൽ ഉദ്യോഗസ്ഥർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമെന്നതിനാൽ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രൊമോഷൻ | (എഫ്) | ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | കാലയളവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (ജി) | ഇത്തരത്തിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിലൂടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ? | (ജി) | ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ